# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1673** | **08.06.2018 ൽ മറുപടിയ്ക്ക്**

## വൈപ്പിൻ മണ്ഡലത്തിൽ ഗ്രീൻ ഹട്ട് ഇക്കോഷോപ്പ്

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഗ്രീൻ ഹട്ട് ഇക്കോഷോപ്പ്, വിള ആരോഗ്യപരിപാലന കേന്ദ്രം എന്നിവ ആരംഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കളമശ്ശേരി ബ്ലോക്കിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ഇക്കോഷോപ്പാണ് " ഗ്രീൻ ഹട്ട് " എന്ന പേരിൽ അറിയപ്പെടുന്നത്. വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലാണ് വിള ആരോഗ്യപരിപാലന കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. |
| ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | ഇക്കോഷോപ്പിലൂടെ കർഷകർ പ്രാദേശികമായി ഉല്പാദിപ്പിച്ച പഴം, പച്ചക്കറികൾ, തയ്യാറാക്കിയ ജൈവ വളങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽ, കർഷകരുടെ വിളകൾക്ക് സംഭവിക്കുന്ന കീടരോഗ ബാധകൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഉടൻതന്നെ കൃഷി ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ പരിശോധിച്ച് നൽകുന്നു. കൂടാതെ മണ്ണ് പരിശോധന, കർഷകർക്കുവേണ്ട സസ്യപരിപാലന ക്ലാസ്സുകൾ എന്നിവ ഈ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. കാർഷിക വിളകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന കീടരോഗനിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ |

സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള PH മീറ്റർ, ശത്രുകീടങ്ങളേയും, മിത്രകീടങ്ങളേയും തിരിച്ചറിയാനുള്ള സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ നൽകുന്ന ലഘുരേഖകൾ, പുസ്തകങ്ങൾ,മാഗസിനുകൾ, സി.ഡികൾ എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു.

Maya P

**സെക്ഷൻ ഓഫീസർ**